# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 36

04/02/2013 - ൽ മറുപടിക്ക്

## ദേശീയ ജലപാതയിലുള്ള കേരളത്തിലെ പുഴകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ ഏതെല്ലാം പുഴകളെയും കനാലുകളെയുമാണ് ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളത് വ്യക്തമാക്കാമോ ; | : | (എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയെയാണ് ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ അഷ്ടമുടി കായൽ, ടി.എസ്. കനാൽ, വേമ്പനാട്ടു കായൽ, പി.സി. കനാൽ (കൊച്ചി-കോട്ടപ്പുറം) എന്നിവയാണ് പ്രധാനമായി ഉള്ളത് (ആകെ 168 കി.മീ.). കൂടാതെ ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) എന്നിവയും ഉൾപ്പെടുന്നു. ആകെ 205 കി.മീ. ആണ് ദേശീയ ജലപാത - 3 ന്റെ നീളം. |
| (ബി) പൊന്നാനി - ചേറ്റുവ കനോലി കനാലിനെ ദേശീയ ജലപാതയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | : | (ബി) ഇല്ല. |
| (സി) ജലപാത നവീകരണം പൂർത്തിയാക്കാത്തതിന്റെ പേരിൽ കേന്ദ്ര സർക്കാരിന്റെ വിമർശനം സംസ്ഥാനത്തിന് ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ടോ ? | : | (സി) ഇത്തരം വിമർശനങ്ങളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ